എ.വൈ.ആർ

പ്രവാചകന്റെ സന്ദേശപ്രചാരണത്തിനുള്ള പ്രതിഫലം പൂർണമായും അല്ലാഹുവിന്റെ ഉത്തരവാദിത്തത്തിലാണെന്ന് ഖുർആൻ ആവർത്തിച്ചുണർത്തിയിട്ടുണ്ട്. ഭൗതികമായ പ്രതിഫലേഛ ഒട്ടുമില്ലാതെ, പ്രകോപനത്തിനും പ്രലോഭനത്തിനും വശംവദരാകാതെ നിസ്വാർഥരായി ദൈവിക സന്ദേശം പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയുമാണ് പ്രവാചകന്മാരുടെ കർത്തവ്യം.



فَلَمَّا جَاءَ سُلَيْمَانَ قَالَ أَتُمِدُّونَنِ بِمَالٍ فَمَا آتَانِيَ اللَّهُ خَيْرٌ مِمَّا آتَاكُمْ بَلْ أَنْتُمْ بِهَدِيَّتِكُمْ تَفْرَحُونَ ﴿٣٦﴾

36. രാജദൂതന്മാർ കാഴ്ചകളുമായി സുലൈമാന്റെ സന്നിധിയിൽ ചെന്നപ്പോൾ അദ്ദേഹം ചോദിച്ചു: നിങ്ങളെന്നെ വിത്തം കൊണ്ട് സഹായിക്കുകയാണോ? എന്നാൽ അല്ലാഹു എനിക്കു തന്നിട്ടുള്ളത് നിങ്ങൾക്കു തന്നിട്ടുള്ളതിനേക്കാൾ എത്രയോ വിശിഷ്ടവും വർധിതവുമാകുന്നു. പക്ഷേ, നിങ്ങൾ കൊണ്ടുവന്ന കാഴ്ചകളിൽ നിഗളിക്കുകയാണ് നിങ്ങൾ.

ارْجِعْ إِلَيْهِمْ فَلَنَأْتِيَنَّهُمْ بِجُنُودٍ لَا قِبَلَ لَهُمْ بِهَا وَلَنُخْرِجَنَّهُمْ مِنْهَا أَذِلَّةً وَهُمْ صَاغِرُونَ ﴿٣٧﴾

37. നിങ്ങളെ അയച്ചവരിലേക്ക് തിരിച്ചുപോവുക- അവർക്ക് നേരിടാനാവാത്ത ഒരു പടയുമായി ഞാൻ വരുന്നുണ്ട്. അവരെ നിന്ദിതരും നികൃഷ്ടരുമായ നിലയിൽ നാട്ടിൽനിന്ന് തുരത്തുക തന്നെ ചെയ്യും.

**36,37**

فَلَمَّا جَاءَ سُلَيْمَانَ = (രാജദൂതന്മാർ കാഴ്ചകളുമായി) സുലൈമാന്റെ സന്നിധിയിൽ ചെന്നപ്പോൾ
قَالَ = അദ്ദേഹം പറഞ്ഞു أَتُمِدُّونَنِ بِمَالٍ = നിങ്ങൾ എന്നെ വിത്തം കൊണ്ട് സഹായിക്കുകയാണോ
فَمَا آتَانِيَ اللَّهُ = (എന്നാൽ) അല്ലാഹു എനിക്ക് തന്നിട്ടുള്ളത്
خَيْرٌ = ഗുണകരം (എത്രയോ വിശിഷ്ടവും വർധിതവും)ആകുന്നു مِمَّا آتَاكُمْ = അവൻ നിങ്ങൾക്ക് തന്നിട്ടുള്ളതിനേക്കാൾ
بَلْ أَنْتُمْ = പക്ഷേ നിങ്ങൾ بِهَدِيَّتِكُمْ = നിങ്ങൾ (കൊണ്ടുവന്നിട്ടുള്ള) സമ്മാനങ്ങ(ളിൽ)ൾകൊണ്ട്
تَفْرَحُونَ = നിങ്ങൾ നിഗളിക്കുകയാണ് ارْجِعْ = തിരിച്ചുപോവുക إِلَيْهِمْ = അ(നിങ്ങളെ അയച്ച)വരിലേക്ക്
فَلَنَأْتِيَنَّهُمْ = (ണ്ട്) നാം അവരിലേക്ക് വരുന്നു بِجُنُودٍ = ഒരു പടയും കൊണ്ട്
لَا قِبَلَ لَهُمْ بِهَا = അവർക്ക് ശക്തിയില്ലാത്ത (നേരിടാനാവാത്ത) وَلَنُخْرِجَنَّهُمْ = നാം അവരെ പുറത്താക്കുക തന്നെ ചെയ്യും
مِنْهَا = അതി(നാട്ടി)ൽനിന്ന് أَذِلَّةً وَهُمْ صَاغِرُونَ = അവർ നിന്ദിത(രും)രായിട്ട് നികൃഷ്ട(രും ആ)രായ നിലയിൽ

ബിൽഖീസ് രാജ്ഞി തീരുമാനിച്ച പ്രകാരം വിലപ്പെട്ട സമ്മാനങ്ങളുമായി രാജദൂതന്മാർ സുലൈമാൻ നബിയുടെ കൊട്ടാരത്തിലെത്തി. പക്ഷേ അതു കണ്ട് സന്തുഷ്ടനാകുന്നതിനു പകരം കോപിഷ്ഠനാവുകയായിരുന്നു സുലൈമാൻ നബി. സബഉകാർ കുറച്ച് ധനം തന്ന് തന്നെ വിലക്കെടുക്കാൻ ശ്രമിക്കുകയാണെന്ന് മനസ്സിലാക്കിയ അദ്ദേഹം ചോദിച്ചു: സമ്പത്തുകൊണ്ട് എന്നെ സഹായിക്കാൻ ശ്രമിക്കുകയാണോ നിങ്ങൾ? എങ്കിൽ കേട്ടുകൊള്ളുക. നിങ്ങൾ കൊണ്ടുവന്നിട്ടുള്ളതിനേക്കാൾ എത്രയോ വിശിഷ്ടമായ വിത്തം അല്ലാഹു എനിക്ക് സമൃദ്ധമായി നൽകിയിരിക്കുന്നു. അതിനെ അപേക്ഷിച്ച് നിങ്ങൾ കൊണ്ടുവന്നത് തീരെ തുഛവും വില കുറഞ്ഞതുമാണ്. പക്ഷേ, നിങ്ങളുടെ സമ്മാനം വിലമതിക്കാനാവാത്തതും അതിവിശിഷ്ടവുമാണെന്ന് കരുതി നിഗളിക്കുകയാണ് നിങ്ങൾ. നാട്ടിലേക്ക് തിരിച്ചുപോവുക. എന്നിട്ട് സ്വജനത്തെ അറിയിക്കുക. അവർക്ക് നേരിടാനാവാത്ത ഒരു മഹാ സൈന്യവുമായി നാം അങ്ങോട്ടു വരു

ന്നുണ്ട്. അവരെ നിന്ദിതരും അവശരുമാക്കി നാട്ടിൽനിന്ന് ആട്ടിയോടിക്കുകയും ചെയ്യും. നിങ്ങൾ കരുതുന്നതുപോലെ ധനാർത്തി കൊണ്ടോ അധികാരഭ്രാന്തു കൊണ്ടോ അല്ല നമ്മുടെ വിധേയത്വം സ്വീകരിക്കണമെന്ന് നിങ്ങളോടാവശ്യപ്പെട്ടത്. ദൈവത്തിന്റെ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുകയാണ് നമ്മുടെ ദൗത്യം. ദൈവിക സന്ദേശം തള്ളിക്കളഞ്ഞ് സ്വന്തം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ഉറച്ചു നിൽക്കുന്ന ദൈവധിക്കാരികളുടെ ആധിപത്യം നിർമാർജനം ചെയ്യേണ്ടത് ഞങ്ങളുടെ കർത്തവ്യമാകുന്നു.

അഭിമാനവും അന്തസ്സും കലർന്ന പുളകമാണ് فرحة. അതിൽനിന്നുള്ള വർത്തമാന ക്രിയാ ബഹുവചനമാണ് تَفْرَحُونَ. ശക്തിയാണ് قِبَل. അതിന്റെ അസൽ രൂപം مقابلة ആണ്. ഭാഷാർഥം പരസ്പരം നേരിടുക. ഒരു കാര്യം സാധിക്കാൻ ശക്തിയുള്ളവർ അതിനെ കണ്ടുമുട്ടുമ്പോഴും ഏറ്റുമുട്ടുമ്പോഴും ഉറച്ചു നിൽക്കുന്നു എന്ന ആശയത്തെ ആസ്പദമാക്കിയാണ് قِبَل-ന് ശക്തി- طاقة- എന്ന പ്രയോഗാർഥമുണ്ടായത്. ذليل -ന്റെ ബഹുവചനമാണ് أَذِلَّة. നിന്ദ്യരും അധമരുമാണ് أَذِلَّة. അതുതന്നെയാണ് صَاغِرُونَ-ഉം. صاغر -ആണ് ഇതിന്റെ ഏകവചനം. നാമം صَغَار. ക്രിയാപദം صَغُرَ. ഈ രണ്ട് പദങ്ങളും ഒരുമിച്ചുപയോഗിച്ചതിന്റെ താൽപര്യമിതാണ്: എന്റെ സൈന്യം അവരെ നിന്ദിച്ചു പുറംതള്ളും. പരാജിത ജനത്തിന് ചിലപ്പോൾ തിരിച്ചടിക്കാനും സ്വരാജ്യം വീണ്ടെടുക്കാനുമുള്ള അഭിവാഞ്ഛയും ആത്മവീര്യവും അവശേഷിച്ചിരിക്കും. എന്റെ സൈന്യം അത്തരം ആത്മവീര്യം അവരിൽനിന്ന് ചോർത്തിക്കളയുകയും അധമത്വവും നിന്ദിതാവസ്ഥയും സ്വയം അംഗീകരിക്കുംവണ്ണം അവരെ അവശതയുടെയും നൈരാശ്യത്തിന്റെയും പടുകുഴിയിലാഴ്ത്തുകയും ചെയ്യും.

സമ്മാനങ്ങൾ കൈമാറുന്നത് മുഹമ്മദ് നബി(സ) ഒരു സൽക്കർമമായി ഉപദേശിച്ചിരിക്കുന്നു. നബി(സ) സമ്മാനങ്ങൾ സ്വീകരിക്കാറുമുണ്ട്. ഈ ചര്യ എല്ലാ പ്രവാചകന്മാരുടെ കാര്യത്തിലും സാധുവായിരിക്കണമല്ലോ. എന്നിരിക്കെ സുലൈമാൻ നബി സബഉകളുടെ സമ്മാനം നിശിതമായി തള്ളിക്കളഞ്ഞതിന്റെ ഔചിത്യമെന്ത് എന്നു ചോദിച്ചേക്കാം. അതിന് രണ്ട് കാരണമുണ്ട്: 1. സബഉകൾ സമ്മാനമയച്ചത് അദ്ദേഹത്തോട് ഗുണകാംക്ഷയുള്ളതുകൊണ്ടോ അദ്ദേഹത്തിന്റെ നിലപാടുകളിൽ മതിപ്പുള്ളതുകൊണ്ടോ അല്ല. തങ്ങളെ സ്വന്തം അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും ഉറച്ചു നിൽക്കാൻ അനുവദിക്കുന്നതിനുള്ള പ്രലോഭനമായിട്ടാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അത് കൈക്കൂലിയും സത്യത്തെ മിഥ്യക്ക് പകരം വിൽക്കലുമാണ്. അത്തരം സമ്മാനങ്ങൾ പ്രവാചകന്മാരോ അല്ലാത്തവരോ സ്വീകരിക്കാൻ പാടില്ല. പ്രബോധനത്തിന് പ്രവാചകൻ പ്രതിഫലം പറ്റാൻ പാടില്ല എന്നതാണ് രണ്ടാമത്തെ കാരണം. പ്രവാചകന്റെ സന്ദേശപ്രചാരണത്തിനുള്ള പ്രതിഫലം പൂർണമായും അല്ലാഹുവിന്റെ ഉത്തരവാദിത്തത്തിലാണെന്ന് ഖുർആൻ ആവർത്തിച്ചുണർത്തിയിട്ടുണ്ട്. ഭൗതികമായ പ്രതിഫലേഛ ഒട്ടുമില്ലാതെ, പ്രകോപനത്തിനും പ്രലോഭനത്തിനും വശംവദരാകാതെ നിസ്വാർഥരായി ദൈവിക സന്ദേശം പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയുമാണ് പ്രവാചകന്മാരുടെ കർത്തവ്യം. ■

---

قَالَ يَا أَيُّهَا الْمَلَأُ أَيُّكُمْ يَأْتِينِي بِعَرْشِهَا قَبْلَ أَن يَأْتُونِي مُسْلِمِينَ ﴿٣٨﴾

38. സുലൈമാൻ രാജസഭയോടു ചോദിച്ചു: അല്ലയോ പ്രമാണികളേ, നിങ്ങളിലാരാണ് സബഉകാർ ആജ്ഞാനുവർത്തികളായി വന്നെത്തും മുമ്പ് ആ രാജ്ഞിയുടെ സിംഹാസനം എന്റെ മുന്നിലെത്തിക്കുക?

قَالَ عِفْرِيتٌ مِّنَ الْجِنِّ أَنَا آتِيكَ بِهِ قَبْلَ أَن تَقُومَ مِن مَّقَامِكَ ۖ وَإِنِّي عَلَيْهِ لَقَوِيٌّ أَمِينٌ ﴿٣٩﴾

39. ജിന്നുകളിൽനിന്ന് ഒരു ഭീകരൻ ബോധിപ്പിച്ചു: അങ്ങ് സ്വസ്ഥാനത്തുനിന്ന് എഴുന്നേറ്റുപോകും മുമ്പ് ഞാനത് മുന്നിലെത്തിച്ചുതരാം. തീർച്ചയായും എനിക്കതിനുള്ള കരുത്തുണ്ട്. ഞാൻ വിശ്വസ്തനുമാകുന്നു.

**38,39**

قَالَ = അവൻ പറഞ്ഞു (സുലൈമാൻ രാജസഭയോട് ചോദിച്ചു) يَا أَيُّهَا الْمَلَأُ = അല്ലയോ പ്രമാണിമാരേ

أَيُّكُمْ يَأْتِينِي = നിങ്ങളിൽ ആരാണ് എനിക്കു കൊണ്ടുവരിക (എന്റെ മുമ്പിലെത്തിക്കുക)

بِعَرْشِهَا = അവളു(ആ രാജ്ഞിയു)ടെ സിംഹാസനം

قَبْلَ أَن يَأْتُونِي مُسْلِمِينَ = അവർ ആജ്ഞാനുവർത്തികളായി എന്റെ മുമ്പിൽ വന്നെത്തും മുമ്പായി

قَالَ عِفْرِيتٌ مِّنَ الْجِنِّ = ജിന്നുകളിൽനിന്ന് ഒരു ഭീകരൻ പറഞ്ഞു (ബോധിപ്പിച്ചു)

أَنَا آتِيكَ بِهِ = ഞാൻ അത് അങ്ങേക്ക് കൊണ്ടുവരാം

قَبْلَ أَن تَقُومَ مِن مَّقَامِكَ = നീ നിന്റെ സ്ഥാനത്തുനിന്ന് എഴുന്നേൽക്കും മുമ്പ് (അങ്ങ് സ്വസ്ഥാനത്തുനിന്ന് എഴുന്നേറ്റുപോകും മുമ്പ്)

وَإِنِّي عَلَيْهِ لَقَوِيٌّ = ഞാൻ അതിന്മേൽ കരുത്തുള്ളവൻ തന്നെ (എനിക്ക് അതിനുള്ള കരുത്തുണ്ട്)

أَمِينٌ = ഞാൻ വിശ്വസ്തനുമാകുന്നു

സബഇലെ ദൂതന്മാർ തിരിച്ചുചെന്ന് സുലൈമാൻ നബിയുടെ പ്രതികരണവും അവിടെ അവർ കണ്ടതും കേട്ടതുമെല്ലാം ഉണർത്തിയപ്പോൾ അവിടത്തെ പ്രമാണിമാർക്ക് ബോധ്യമായി, അത്തരമൊരു രാജാവിന്റെ സൈന്യത്തോട് ഏറ്റുമുട്ടിയാൽ തങ്ങൾക്ക് പിടിച്ചുനിൽക്കാനാവില്ലെന്നും അദ്ദേഹം ആവശ്യപ്പെട്ടതുപോലെ അനുസരണമുള്ളവരായി വർത്തിക്കുന്നതാണ് സുരക്ഷിതം എന്നും. അങ്ങനെ രാജ്ഞി സുലൈമാൻ നബിയുടെ സന്നിധിയിലേക്ക് പുറപ്പെടാൻ തീരുമാനിച്ചു. വിവരമറിഞ്ഞ സുലൈമാൻ നബി തന്റെ രാജസഭ വിളിച്ചുകൂട്ടി. അതിൽ മനുഷ്യരും ജിന്നുകളും പങ്കെടുത്തിരുന്നു. അദ്ദേഹം സഭയോടു ചോദിച്ചു: ബിൽഖീസ് രാജ്ഞി എത്തുന്നതിനു മുമ്പ് അവരുടെ സിംഹാസനം ഇവിടെ എത്തിക്കാൻ കഴിയുന്നവരാരെങ്കിലുമുണ്ടോ?

ജിന്നുകളിൽ ഒരു ഭീകരൻ അറിയിച്ചു: അങ്ങ് ഈ സ്ഥലം വിട്ടുപോകുന്നതിനു മുമ്പ് ഞാനത് എത്തിച്ചുതരാം. എനിക്കതിനുള്ള ശക്തിയുണ്ട്. എന്നെ അങ്ങേക്കു വിശ്വസിക്കാം. ജിന്നുകളിൽപെട്ട عِفْرِيتٌ എന്നാണ് മൂലവാക്ക്. എല്ലാവരും ഭയപ്പെടേണ്ടവനും ആർക്കും വഴങ്ങാത്തവനും നിഷ്ഠുരനും അതിശക്തനുമായ സൃഷ്ടിയാണ് عِفْرِيتٌ. ക്രൂരരും ഭീകരരുമായ ദുഷ്ട മനുഷ്യരെക്കുറിച്ചും ആലങ്കാരികമായി ഈ പദം ഉപയോഗിക്കും. ജിന്ന്സേനയുടെ തലവനായിരിക്കാം ഇഫ്രീത്ത് എന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. 'അങ്ങയുടെ സ്ഥലത്തുനിന്ന് എഴുന്നേറ്റുപോകും മുമ്പ്' എന്നു പറഞ്ഞതിനർഥം ആ സഭ പിരിയുന്നതിനു മുമ്പ് എന്നാവാം. അല്ലെങ്കിൽ രാജാവ് ദർബാർ വിട്ടുപോകുന്നതിനു മുമ്പ് എന്നുമാകാം. സാധാരണയായി രാജാക്കന്മാർ ദർബാറിലുപവിഷ്ടരാവുക പ്രഭാതം മുതൽ മധ്യാഹ്നം വരെയാണ്. മധ്യാഹ്നത്തിനു ശേഷമാണെങ്കിൽ സന്ധ്യവരെയുമാണ്. രണ്ടായാലും ഏതാനും മണിക്കൂറുകളുടെ മാത്രം ദൈർഘ്യമേയുള്ളൂ. സുലൈമാൻ നബിയുടെ കൊട്ടാരത്തിൽനിന്ന് ഏകദേശം 1500 മൈൽ അകലെയാണ് മാരിബ് നഗരം. അക്കാലത്ത് അത്രയും ദൂരത്തുപോയി ഒരു സാധനം എടുത്ത് തിരിച്ചുവരിക മനുഷ്യസാധ്യമല്ല. മനുഷ്യസാധ്യമല്ലാത്ത പലതും ജിന്നുകൾക്ക് സാധിക്കും. വലിയ കഴിവുള്ള ജിന്നുകളെ അല്ലാഹു സുലൈമാൻ നബിക്ക് വിധേയരാക്കിക്കൊടുത്തിട്ടുണ്ട്. അത് അല്ലാഹു അദ്ദേഹത്തിന് നൽകിയ പ്രത്യേക അനുഗ്രഹവും അമാനുഷിക സിദ്ധിയുമാണ്. 'ഞാൻ അതിനു ശക്തനാണ്' - وَإِنِّي عَلَيْهِ لَقَوِيٌّ-എന്ന വാക്യത്തിന്റെ താൽപര്യം മനുഷ്യസാധ്യമല്ലാത്ത ഈ ദൗത്യം ഏറ്റെടുക്കാനും വിജയകരമായി നിർവഹിക്കാനുമുള്ള കരുത്തും ഗതിവേഗവും എനിക്കുണ്ട് എന്നാണ്. സിംഹാസനത്തിൽനിന്ന് ഒന്നും നഷ്ടപ്പെടാതെയും മോഷ്ടിക്കാതെയും ഒരു കോട്ടവും തട്ടാതെയും ഇവിടെ എത്തിക്കാനുള്ള എന്റെ കഴിവിലും സത്യസന്ധതയിലും അങ്ങേക്കു വിശ്വസിക്കാം എന്നാണ് أَمِينٌ-ന്റെ താൽപര്യം. ■